ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

പ്രകൃതിക്ഷോഭം നേരിടാൻ നടപടി

133 [1362] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉണ്ടാകുന്ന പ്രകൃതിക്ഷോഭം നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ എന്തൊക്കെയാണ് ;

(ബി) 2003-2004 സാമ്പത്തിക വർഷത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ചെലവാക്കിയ തുക എത്രയാണ് ;

(സി) 2003-2004 സാമ്പത്തിക വർഷത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രകൃതിക്ഷോഭ ദുരിതാശ്വാസം എല്ലാ മേഖലകളിലും എത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന ദുരന്തങ്ങളെ നേരിടുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച്, മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും, നേരിടുന്നതിനും ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കാലവർഷത്തെ തുടർന്നുണ്ടാകാവുന്ന ദുരന്തങ്ങൾ നേരിടുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചുചേർക്കുകയും ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് വെള്ളക്കെട്ട്, പകർച്ചവ്യാധികൾ, കടലാക്രമണം തുടങ്ങിയ ദുരന്തങ്ങൾ ഒഴിവാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ജില്ലാ ആസ്ഥാനങ്ങളിലും സെക്രട്ടേറിയറ്റിലെ ദുരന്ത മാനേജ്മെന്റ് വകുപ്പിന്റെ കീഴിലും തുറന്ന് പ്രവർത്തിപ്പിക്കാറുണ്ട്. പ്രകൃതിക്ഷോഭം ഉണ്ടാകാൻ സാദ്ധ്യതയുള്ള അവസരങ്ങളിൽ ആ വിവരം റേഡിയോ, ടെലിവിഷൻ, പത്രമാദ്ധ്യമങ്ങൾ എന്നിവയിൽകൂടി മുൻകൂട്ടി ജനങ്ങളെ അറിയിക്കുന്നതിനും നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) 2003-2004 സാമ്പത്തിക വർഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചത് 125.56 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

ജില്ല		തുക ലക്ഷത്തിൽ
തിരുവനന്തപുരം		820
കൊല്ലം		796
പത്തനംതിട്ട		755
ആലപ്പുഴ		887
കോട്ടയം		1175
ഇടുക്കി		727
എറണാകുളം		660
തൃശ്ശൂർ		775
പാലക്കാട്		1900
മലപ്പുറം		722
കോഴിക്കോട്		759
വയനാട്		804
കണ്ണൂർ		1024
കാസർഗോഡ്		752
	ആകെ	12556

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

സുനാമി ദുരന്തത്തിൽ അനാഥരായവർ

134 [1363] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും, നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽപ്പെട്ട് ഉറ്റോരും, ഉടയോരും നഷ്ടപ്പെട്ട അനാഥരായ എത്രപേർ സംസ്ഥാനത്തുണ്ടെന്നുള്ളതിന്റെ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇവരിൽ സ്ത്രീകൾ എത്രയെന്നും പുരുഷൻമാർ എത്രയെന്നും കുട്ടികൾ എത്രയെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ദുരന്തത്തിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട എത്ര കുട്ടികളുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) സുനാമി ദുരന്തത്തിൽപ്പെട്ട അനാഥരായ കുട്ടികളെ സംരക്ഷിക്കുവാൻ സർക്കാർ ഏതെങ്കിലും പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly